**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5333** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് കെ.എസ്.ഇ.ബി. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് 2021 കാലയളവിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് GPAIS ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതും ആയതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാകുന്നു. GPAIS പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽ കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി/ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് അംഗത്വം പുതുക്കാനാകാതെ വരികയും അതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് EWF(Employees' Welfare Fund) മുഖാന്തിരം അപകട ആശ്വാസധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപകടമരണങ്ങൾക്ക് 10,00,000/- രൂപയും, മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസധനസഹായം (പരമാവധി 10 ലക്ഷം രൂപ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരെ (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി. EWF മുഖാന്തിരമുള്ള അപകട ആശ്വാസധനസഹായ പദ്ധതിയിൽ അംഗമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ